**കേരള സർക്കാർ**

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**പരിപത്രം**

**നം.78/2022/ധന** **തീയതി, തിരുവനന്തപുരം, 05.09.2022**

വിഷയം :- സ്വയം വിരമിക്കൽ അനുവദിക്കുന്നതു സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1.സർക്കുലർ നം.29/2010/ധന, തീയതി 25/03/2010.
2.സർക്കുലർ നം.03/2014/ധന, തീയതി 10/01/2014.
3.സ.ഉ(അ) നം.55/2019/ധന, തീയതി 04/05/2019.

കെ എസ് ആർ ഭാഗം III ചട്ടം 56 (i) പ്രകാരം സ്വയം വിരമിക്കലിനു ഒരു ജീവനക്കാരൻ അപേക്ഷ നൽകിയാൽ മൂന്ന് മാസത്തിനകം അപേക്ഷ നിരസിക്കാത്ത സാഹചര്യത്തിൽ ചട്ടം 56 (iv) പ്രകാരം സ്വയം വിരമിക്കൽ നിലവിൽ വരുന്നതാണ്. എന്നാൽ പല കേസുകളിലും സമയബന്ധിതമായി അപേക്ഷ നിരസിക്കാത്ത സാഹചര്യത്തിൽ അപേക്ഷകർ ജോലിയിൽ തുടരുകയും അവർക്ക് ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ അനുവദിക്കേണ്ടതായി വരുന്നതിനോടൊപ്പം തന്നെ പെൻഷനും ആനുകൂല്യങ്ങൾക്ക് പലിശയും മറ്റും നൽകേണ്ടതായി വരുന്നു. ഇത്തരം സാമ്പത്തിക ബാധ്യതകൾ ഒഴിവാക്കുന്നതിനായി സ്വയം വിരമിക്കലിനുള്ള അപേക്ഷ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനു ചുവടെ ചേർക്കുന്ന രീതിയിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

1. കെ എസ് ആർ ഭാഗം III ചട്ടം 56 (i) പ്രകാരം നോട്ടീസ് പിരീഡ് (മൂന്ന് മാസം) ഇല്ലാതെ ലഭിക്കുന്ന അപേക്ഷകൾ, ഓഫീസ് മേലധികാരി അഞ്ചു പ്രവൃത്തി ദിവസത്തിനകം വ്യക്തമായ കാരണം കാണിച്ച് നിരസിച്ചു കൊണ്ട് മടക്കി നൽകേണ്ടതാണ്.
2. വകുപ്പുതല അച്ചടക്ക നടപടി /ജുഡീഷ്യൽ നടപടി നേരിടുന്ന ജീവനക്കാരുടെ അപേക്ഷ ഓഫീസ് മേലധികാരി വ്യക്തമായ കാരണം കാണിച്ച് ഏഴ് പ്രവൃത്തി ദിവസത്തിനകം നിരസിച്ചു കൊണ്ട് മടക്കി നൽകേണ്ടതാണ്. വകുപ്പുതല അച്ചടക്ക /ജുഡീഷ്യൽ നടപടിയുടെ വിവരങ്ങൾ പ്രസ്തുത ഓഫീസിൽ ലഭ്യമല്ലായെങ്കിൽ മേലാഫീസിലേക്ക് ഏഴ് പ്രവൃത്തി ദിവസത്തിനകം അപേക്ഷ കൈമാറേണ്ടതാണ്.
3. വിജിലൻസ് അന്വേഷണം നേരിടുന്ന ജീവനക്കാരന്റെ അപേക്ഷ ഏഴ് പ്രവൃത്തി ദിവസത്തിനകം ഓഫീസ് മേലധികാരി നിരസിച്ച് മടക്കി നൽകേണ്ടതാണ്.
4. സർക്കാർ ബാധ്യതയുള്ള ജീവനക്കാരുടെ അപേക്ഷ ഏഴ് പ്രവൃത്തി ദിവസത്തിനകം ഓഫീസ് മേലധികാരി വ്യക്തമായ കാരണം കാണിച്ച് നിരസിച്ച് മടക്കി നൽകേണ്ടതാണ്.

5. നോൺ ഗസറ്റഡ് ജീവനക്കാരുടെ യോഗ്യസേവനകാലം പ്രാഥമിക പരിശോധനയിൽ 20 വർഷത്തിൽ കുറവാണെന്ന് കാണുന്നപക്ഷം പ്രസ്തുത അപേക്ഷ അക്കൗണ്ടന്റ് ജനറലിന് നൽകാതെ തന്നെ പതിനഞ്ച് പ്രവൃത്തി ദിവസത്തിനകം ഓഫീസ് മേലധികാരി നിരസിച്ച് മടക്കി നൽകേണ്ടതാണ്. ഗസറ്റഡ് ജീവനക്കാരുടെ അപേക്ഷ ഏഴ് പ്രവൃത്തി ദിവസത്തിനകം നിയമനാധികാരിക്ക് നൽകേണ്ടതാണ്.
6. പ്രഥമദൃഷ്ട്യാ യോഗ്യമായ അപേക്ഷകൾ മാത്രമേ മേലാഫീസിലേക്കോ/ നിയമനാധികാരിക്കോ/ അക്കൗണ്ടന്റ് ജനറലിനോ അയച്ച് നൽകേണ്ടതുള്ളൂ.
7. ഒരു ജീവനക്കാരന്റെ തസ്തികയ്ക്ക് നിയമനം നടത്തുവാൻ ക്ഷമതയുള്ള അധികാരിക്ക് തന്നെ സർക്കാരിന്റെ അനുമതി ഇല്ലാതെ തന്നെ സ്വയം വിരമിക്കുന്നതിനുള്ള അപേക്ഷയിൽ അനുമതി നൽകാവുന്നതാണ്.
8. അക്കൗണ്ടന്റ് ജനറലിൽ നിന്നും സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് വാങ്ങി നോട്ടീസിൽ പരാമർശിക്കുന്ന തീയതിയ്ക്ക് മുമ്പായി നിയമനാധികാരി സ്വയം വിരമിക്കലിൽ തീരുമാനമെടുക്കേണ്ടതാണ്. സ്വയം വിരമിക്കലിൽ എന്തെങ്കിലും കാരണവശാൽ അനുമതി വൈകിയത് മൂലം പെൻഷൻ ആനുകൂല്യങ്ങൾക്ക് പലിശ നൽകേണ്ടിവന്നാൽ പലിശയിനത്തിൽ നൽകുന്ന തുക വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.
9. മൂന്ന് മാസത്തിനകം നിയമനാധികാരിയിൽ നിന്നോ അക്കൗണ്ടന്റ് ജനറലിൽ നിന്നോ മറുപടി ലഭിക്കാത്തപക്ഷം അപേക്ഷകനെ സർവ്വീസിൽ തുടരുവാൻ അനുവദിക്കേണ്ടതില്ല.
10. സ്വയം വിരമിക്കൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചാൽ 3 മാസത്തിനകം പെൻഷനുള്ള അപേക്ഷ സമർപ്പിക്കുവാൻ ഓഫീസ് മേലധികാരി / പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി അപേക്ഷകന് രേഖാമൂലം നിർദ്ദേശം നൽകേണ്ടതാണ്.
11. നോട്ടീസ് പിരീഡിൽ തന്നെ സ്വയം വിരമിക്കൽ പിൻവലിക്കുന്നതിനുള്ള അപേക്ഷ ലഭിക്കുന്നപക്ഷം വ്യക്തമായ ശിപാർശയോടെ നിയമനാധികാരി, വകുപ്പുതലവൻ മുഖാന്തിരം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.
12. അക്കൗണ്ടന്റ് ജനറലിൽ നിന്നും സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് വാങ്ങാതെ ഒരു കാരണവശാലും സ്വയം വിരമിക്കൽ അനുവദിക്കരുത്.
13. സ്വയം വിരമിക്കലിനുള്ള അപേക്ഷയുടെ മാതൃക അനുബന്ധമായി ചേർക്കുന്നു.

മേൽ ഭേദഗതികളോടെ സൂചന (1), (2) എന്നിവ നിലനിൽക്കുന്നതാണ്.

**ഷിബു.എ**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ സെക്ഷനുകൾക്കും.

എല്ലാ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/
സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/
ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി.
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അണ്ടർ സെക്രട്ടറി.
രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.
ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ
എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ ട്രഷറികളും സബ് ട്രഷറികളും.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (2127991 /PEN-B3/2022-FIN)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

## അനുബന്ധം

### സ്വയം വിരമിക്കലിനുള്ള അപേക്ഷ

(കെ.എസ്.ആർ ഭാഗം III ചട്ടം 56(i) )

| ഇനം | വിവരങ്ങൾ | ഓഫീസ് മേലധികാരിയുടെ റിമാർക്ക്സ് |
|---|---|---|
| 1. അപേക്ഷകന്റെ പേര് | | |
| 2.പെൻ.നം | | |
| 3.ഉദ്യോഗ പേര് | | |
| 4.ഓഫീസ് മേൽവിലാസം | | |
| 5.വകുപ്പിന്റെ പേര് | | |
| 6.സർവ്വീസിൽ പ്രവേശിച്ച തീയതി | | |
| 7.സ്വയം വിരമിക്കലിനു ആഗ്രഹിക്കുന്ന തീയതിയും കാരണവും | | |
| 8.അപേക്ഷാ തീയതി | | |
| 9.അപേക്ഷാ തീയതി വരെയുള്ള ആകെ സേവനകാലം | | |
| 10.ആകെ അയോഗ്യതാ കാലം | | |
| 11.ആകെ യോഗ്യതാ സേവനകാലം (9-10) | | |
| 12.വകുപ്പുതല അച്ചടക്ക നടപടികൾ സംബന്ധിച്ച വിവരങ്ങൾ | ഇല്ല/ഉണ്ട്* (ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തുക) | |
| 13.ജുഡീഷ്യൽ വിവരങ്ങൾ സംബന്ധിച്ച നടപടികൾ | ഇല്ല/ഉണ്ട്* (ഉണ്ടെങ്കിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തുക) | |

| | | |
|---|---|---|
| 14.വിജിലൻസ് എൻക്വയറി സംബന്ധിച്ച വിവരങ്ങൾ | VC.No.........../........., കേസ് നിലവിൽ ഉണ്ട്*/ഇല്ല) | |
| 15.സർക്കാർ ബാധ്യത സംബന്ധിച്ച വിവരങ്ങൾ | ഇല്ല/ഉണ്ട്* (ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തുക) | |
| 16. ഒപ്പ് | | |

* ഉണ്ടെങ്കിൽ സ്വയം വിരമിക്കലിനു അർഹത ഇല്ല.

**ഓഫീസ് മേലധികാരിയുടെ ശിപാർശ**

കോളം 11 മുതൽ 15 വരെയുള്ള വസ്തുതകളുടെ വെളിച്ചത്തിൽ ശ്രീ/ശ്രീമതി ...................ന്/ക്ക് ............. എന്ന തീയതിയിൽ സ്വയം വിരമിക്കൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് / ............................... എന്ന കാരണത്താൽ സ്വയം വിരമിക്കലിന് അർഹതയില്ലാത്തതിനാൽ അപേക്ഷ നിരസിക്കുന്നു.

തീയതി ഓഫീസ് മേലധികാരിയുടെ ഒപ്പ്, പെൻ നം., തസ്തിക

**നിയമനാധികാരിയുടെ തീരുമാനം**

ശ്രീ/ശ്രീമതി ...................ന്/ക്ക് .................എന്ന തീയതിയിൽ സ്വയം വിരമിക്കൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് / ............................... എന്ന കാരണത്താൽ സ്വയം വിരമിക്കലിന് അർഹതയില്ലാത്തതിനാൽ അപേക്ഷ നിരസിക്കാവുന്നതാണ്.

തീയതി നിയമനാധികാരിയുടെ ഒപ്പ്, പെൻ നം., തസ്തിക.

സ്ഥലം